# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 605** **29.06.2015- ൽ മറുപടിക്ക്**

## കാസർഗോഡ് ഉദുമ ടെക്സ്റ്റൈൽസ്

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായ ഉദുമ ടെക്സ്റ്റൈൽസ് മിൽ 4 വർഷമായിട്ടും തുറന്ന് പ്രവർത്തിക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) പദ്ധതിക്കാവശ്യമായ തൊഴിലാളികളെയും ജീവനക്കാരെയും നിയമിക്കുന്നതിനുള്ള നിയമന നടപടികൾ ആരംഭിച്ചെങ്കിലും, ഇതിനെതിരെ ബഹു.ഹൈക്കോടതി മുൻപാകെ വിവിധ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസുകൾ/ ഇടക്കാല ഉത്തരവുകൾ തീർപ്പാക്കാത്തതു മൂലം പദ്ധതിക്കാവശ്യമായ നിയമനങ്ങൾ നടത്തുവാൻ സാധിച്ചിട്ടില്ല. അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിച്ച് വ്യാവസായിക അടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങുന്നതിന് 7.18 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു. |
| (ബി) പ്രസ്തുത വ്യവസായ സ്ഥാപനം എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) നിയമന നടപടികളിന്മേലുള്ള കോടതി കേസുകൾ തീർപ്പാവുകയും മില്ലിന്റെ അവശേഷിക്കുന്ന ജോലികൾ പൂർത്തിയാക്കപ്പെടുകയും ചെയ്യുന്ന മുറയ്ക്ക് വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദനം തുടങ്ങാനാവുമെന്ന് കരുതുന്നു. |

**സെക്ഷൻ ഓഫീസർ**